"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനകാര്യം - കാസർകോട് ജില്ല - പൈവളികെ ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീമതി. രാഗി രവീന്ദ്രൻ-ടി-യ്ക്ക് തിരുവനന്തപുരം ജില്ലയിലേയ്ക്ക് സ്ഥലംമാറ്റം നൽകുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2279/2024/LSGD തീയതി,തിരുവനന്തപുരം, 24-11-2024

---

പരാമർശം:- 1. 10.09.2004 ലെ ജി ഒ (പി) 12/2004/പി & എ ആർ ഡി നമ്പർ ഉത്തരവ്

2. 25.02.2017ലെ ജി ഒ (പി) 3/2017/ഉഭപവ നമ്പർ ഉത്തരവ്

3. ശ്രീമതി.രാഗി രവീന്ദ്രൻ.ടി സമർപ്പിച്ച 24.06.2023ലെ അപേക്ഷ

4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 01.03.2024ലെ LSGD/PD/69355/2023-DEC3 നമ്പർ കത്ത്

**ഉത്തരവ്**

കാസർഗോഡ് ജില്ലയിലെ പൈവളികെ ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്കായ ശ്രീമതി.രാഗി രവീന്ദ്രൻ.ടി, കാസർകോട് ജില്ലയിൽ ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക നിയമന പദ്ധതി പ്രകാരം നിയമിതയാവുകയും 30.12.2016-ൽ പൈവളികെ ഗ്രാമ പഞ്ചായത്തിൽ സേവനത്തിൽ പ്രവേശിക്കുകയും ചെയ്തു എന്നും ടിയാൾക്ക് തിരുവനന്തപുരം ജില്ലയിലേയ്ക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ആയതിന് സർക്കാരിന്റെ പ്രത്യേക അനുമതി ആവശ്യമായതിനാൽ, പരാമർശം (3) പ്രകാരമുള്ള അപേക്ഷയും അനുബന്ധരേഖകളും ശുപാർശ സഹിതം പരാമർശം (4) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

2. ശ്രീമതി രാഗി രവീന്ദ്രൻ.ടി കാസർഗോഡ് ജില്ലാ സ്വദേശിയും ബധിരയുമാണെന്നും ടിയാളെ കാസർഗോഡ് ജില്ലാ ഒഴിവിലേക്കാണ് നിയോഗിച്ചതെന്നും പറക്കമുറ്റാത്ത രണ്ട് കുട്ടികളും ടിയാളെ പോലെ അംഗപരിമിതിയുള്ള ഭർത്താവും അടങ്ങുന്നതാണ് കുടുംബമെന്നും അംഗപരിമിതിമൂലം കഷ്ടപ്പെടുന്ന ഭർത്താവിന്റെയും മക്കളുടേയും പരിരക്ഷയ്ക്കായി ടിയാൾ ശമ്പളരഹിത അവധിയെടുത്ത് തിരുവനന്തപുരത്ത് കഴിയുകയാണെന്നും പരാമർശം (1) ഉത്തരവിന്റെ (ബി) ഖണ്ഡിക , പരാമർശം (2) ഉത്തരവിന്റെ 4-ാം ഖണ്ഡിക എന്നിവയുടെ പ്രത്യേക പരിഗണന നൽകി തിരുവനന്തപുരം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിലൊന്നിൽ നിയമനം നൽകണമെന്ന് ടിയാൾ പരാമർശം (3) പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസർഗോഡ് ജില്ലയിലെ പൈവളികെ ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീമതി.രാഗി രവീന്ദ്രൻ.ടി-യുടെ പ്രത്യേക സാഹചര്യം പരിഗണിച്ച് തിരുവനന്തപുരം ജില്ലയിൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ ക്ലർക്ക് തസ്തികയിൽ

നിലവിലുള്ളതോ അടുത്തുണ്ടാകുന്നതോ ആയ ഒഴിവിലേക്ക് ടിയാളെ നിയമിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സെമിഗോപിനാഥ്. ജി

ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം

2.ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ് , കാസർഗോഡ് /തിരുവനന്തപുരം (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

3.സെക്രട്ടറി, പൈവളികെ ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

4.ശ്രീമതി.രാഗി രവീന്ദ്രൻ , ക്ലർക്ക് , പൈവളികെ ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

5.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള,തിരുവനന്തപുരം/തൃശ്ശൂർ

6.ഡയറക്ടർ, ഐ കെ എം

7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)

8.കരുതൽ ഫയൽ (ഫയൽ നം.55/ഇപിഎ1/2024-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
Date: 05-12-2024 17:20:25

സെക്ഷൻ ഓഫീസർ